ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഇല്ല.

കെ.എസ്.ഇ.ബി.-യിലെ സിവിൽ വിഭാഗം ജീവനക്കാർ

8 [3352] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ സിവിൽ വിഭാഗത്തിൽ ഏതെല്ലാം തസ്തികയിൽ എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ശമ്പളം അലവൻസുകൾ ഉൾപ്പെടെ പ്രതിവർഷം എത്ര തുക ചെലവുണ്ടാകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കെ.എസ്.ഇ.ബി.-യിൽ ഇപ്പോൾ എത്ര സിവിൽ വർക്കുകൾ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇവ ഏതെല്ലാമാണ്;

(ഡി) ഇതിന് എത്ര സിവിൽ വിഭാഗം ജീവനക്കാരുടെ സേവനം ഉപയോഗിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യിൽ സിവിൽ വിഭാഗത്തിൽ ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു:

ചീഫ് എഞ്ചിനീയർ	..	2
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ	..	11
സ്പെഷ്യൽ ഓഫീസർ (എൻവയോൺമെന്റ്)	..	1
എക്സിക്യൂട്ടീവ് എഞ്ചിനീയർ	..	46
അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	..	174
അസി. എഞ്ചിനീയർ (സിവിൽ)	..	262
സബ്ബ് എഞ്ചിനീയർ (സിവിൽ)	..	169
സബ്ബ് എഞ്ചിനീയർ (സിവിൽ) (ഷിഫ്റ്റ് അസിസ്റ്റന്റായി പുനർവിന്യസിച്ചവർ)	..	330
ഓവർസീയർ (സിവിൽ) (ഷിഫ്റ്റ് അസിസ്റ്റന്റ്/മീറ്റർ റീഡർ ആയി പുനർ വിന്യസിച്ചവർ)	..	77
ആകെ	..	1072

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) 665 ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം

9 [3353] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെക്കാനിക്കൽ മീറ്ററിന്റെ ഉൽപ്പാദനം നിർത്തലാക്കി ഇലക്ട്രോണിക് മീറ്റർ ഉൽപ്പാദനം ആരംഭിച്ചശേഷം കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആ സ്ഥാപനത്തിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും മുടങ്ങാതെ തൊഴിൽ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പ് വിലയിരുത്തിയിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

ഇലക്ട്രോണിക് മീറ്ററിന്റെ ഉൽപ്പാദനം ആരംഭിക്കുകയും കെ.എസ്.ഇ.ബി.-യിൽ നിന്ന് ലഭിക്കുന്ന പർച്ചേസ് ഓർഡർ പ്രകാരം മീറ്റർ നൽകി വരികയും ചെയ്യുന്നു. ഉൽപ്പാദനം ഇലക്ട്രോണിക് മീറ്ററിലേക്ക് മാറിയതുമൂലം തൊഴിൽ ലഭ്യത കുറഞ്ഞതിനാൽ കമ്പനിയിൽ വി.ആർ.എസ്. നടപ്പിലാക്കുകയും അതു പ്രകാരം 2003 ജൂലൈ മാസത്തിൽ 123 പേർ പിരിഞ്ഞുപോകുകയും ചെയ്തു. നിലവിലുള്ള തൊഴിലാളികളുടെ തൊഴിൽ ലഭ്യത ഉറപ്പു വരുത്തുന്നതിനായി മോട്ടോർ സ്റ്റാർട്ടറുകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും കെ.എസ്.ഇ.ബി.-ക്ക് ആവശ്യമുള്ള

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly